മാതൃഭൂമി
Since 1923
Date - 5th August 2024
Page - 3 Column - 9

# ത്രോബോൾ ചാംപ്യൻഷിപ്പ്

തൊടുപുഴ ● 9-ാമത് ഇടുക്കി ജില്ല ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പ് 10നു രാജാക്കാട് ക്രിസ്തുജ്യോതി സീനിയർ സെക്കൻഡറി സ്കൂളിൽ നടക്കും. 7നു മുൻപായി പ്ലെയർ റജിസ്ട്രേഷനും ടീം റജിസ്ട്രേഷനും www.throwballkerala.com എന്ന വെബ് സൈറ്റിൽ പൂർത്തിയാക്കണം. 7558967114, 9544967114.

DEEPIKA

ദീപിക

THE FIRST MALAYALAM DAILY ESTD 1887

**Date - 12th August 2024**
**Page - 3 Column - 7 & 8**




രാജാക്കാട് ക്രിസ്തുജ്യോതി സ്കൂളിൽ നടത്തിയ ഇടുക്കി ജില്ലാ ത്രോബോൾ മത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ വിജയിച്ച രാജാക്കാട് ക്രിസ്തുജ്യോതി സ്കൂൾ ടീം.



രാജാക്കാട് ക്രിസ്തുജ്യോതി സ്കൂളിൽ വച്ച് നടത്തിയ ഇടുക്കി ജില്ലാ ത്രോബോൾ മത്സരത്തിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ വിജയിച്ച തൊടുപുഴ വിമല പബ്ലിക് സ്കൂൾ ടീം.

മലയാള മനോരമ
ESTABLISHED 1888

**Date - 12th August 2024 Page - 3 Column - 7 & 8**



ഇടുക്കി ജില്ലാ ജൂനിയർ ത്രോബോൾ മത്സരത്തിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ തൊടുപുഴ ഡിപോൾ പബ്ലിക് സ്കൂൾ ടീം.

## ജില്ലാ ജൂനിയർ ത്രോബോൾ

# ക്രിസ്തുജ്യോതിയും ഡിപോളും ജേതാക്കൾ

രാജാക്കാട് ● രാജാക്കാട് ക്രിസ്തുജ്യോതി സ്കൂളിൽ നടത്തിയ ഇടുക്കി ജില്ലാ ജൂനിയർ ത്രോബോൾ മത്സരത്തിൽ തൊടുപുഴ ഡിപോൾ പബ്ലിക് സ്കൂൾ ടീമും, രാജാക്കാട് ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ ടീമും ജേതാക്കളായി. ഇരു വിഭാഗങ്ങളിലുമായി 12 ടീമുകൾ മത്സരിച്ചു.

പെൺകുട്ടികളുടെ വിഭാഗത്തിൽ തൊടുപുഴ ഡി പോൾ പബ്ലിക് സ്കൂൾ ഒന്നാം സ്ഥാനവും, മാങ്കുളം സെന്റ് മേരീസ് സ്കൂൾ ടീം രണ്ടാം സ്ഥാനവും നേടി. മൂന്നാർ ഹൈറേഞ്ച് സ്കൂൾ ടീമും, എൻആർ സിറ്റി ക്ലബ്ബും മൂന്നാം സ്ഥാനം പങ്കിട്ടു.

ആൺകുട്ടികളുടെ വിഭാഗത്തിൽ രാജാക്കാട് ക്രിസ്തുജ്യോതി സ്കൂൾ ടീം ഒന്നാം സ്ഥാനവും, എൻആർ സിറ്റി സ്കൂൾ ടീം രണ്ടാം സ്ഥാനവും നേടി. മാങ്കുളം സെന്റ് മേരീസ് സ്കൂൾ ടീമും, രാജാക്കാട് ത്രോബോൾ ക്ലബ്ബും മൂന്നാം സ്ഥാനം പങ്കിട്ടു.

ആൺകുട്ടികളുടെ വിഭാഗത്തിൽ രാജാക്കാട് ക്രിസ്തുജ്യോതി സ്കൂളിലെ കെ.പി.അനന്ദുവിനെയും, പെൺകുട്ടികളുടെ വിഭാഗത്തിൽ തൊടുപുഴ ഡി പോൾ സ്കൂളിലെ ആവണിയെയും മികച്ച കളിക്കാരായി തിരഞ്ഞെടുത്തു.

ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ഷെറിൻ വിജയികൾക്കുള്ള ട്രോഫികൾ വിതരണം ചെയ്തു. അസോസിയേഷൻ ജില്ല സെക്രട്ടറി അരവിന്ദ് അനിൽകുമാർ, സി.ജെ.സാം, കെ.എം.ഷാഹുൽഹമീദ്, എ.സുനിൽകുമാർ എന്നിവർ പ്രസംഗിച്ചു.




ഇടുക്കി ജില്ലാ ജൂനിയർ ത്രോബോൾ മത്സരത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ രാജാക്കാട് ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ ടീം.

ജില്ലാ ജൂനിയർ ത്രോബോൾ

ക്രിസ്തുജ്യോതിയും ഡിപോളും ജേതാക്കൾ

രാജാക്കാട് ● രാജാക്കാട് ക്രിസ്തുജ്യോതി സ്കൂളിൽ നടത്തിയ ഇടുക്കി ജില്ലാ ജൂനിയർ ത്രോബോൾ മത്സരത്തിൽ തൊടുപുഴ ഡിപോൾ പബ്ലിക് സ്കൂൾ ടീമും, രാജാക്കാട് ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ ടീമും ജേതാക്കളായി. ഇരു വിഭാഗങ്ങളിലുമായി 12 ടീമുകൾ മത്സരിച്ചു.

പെൺകുട്ടികളുടെ വിഭാഗത്തിൽ തൊടുപുഴ ഡി പോൾ പബ്ലിക് സ്കൂൾ ഒന്നാം സ്ഥാനവും, മാങ്കുളം സെന്റ് മേരീസ് സ്കൂൾ ടീം രണ്ടാം സ്ഥാനവും നേടി. മൂന്നാർ ഹൈറേഞ്ച് സ്കൂൾ ടീമും, എൻആർ സിറ്റി ക്ലബ്ബും മൂന്നാം സ്ഥാനം പങ്കിട്ടു.

ആൺകുട്ടികളുടെ വിഭാഗത്തിൽ രാജാക്കാട് ക്രിസ്തുജ്യോതി സ്കൂൾ ടീം ഒന്നാം സ്ഥാനവും, എൻആർ സിറ്റി സ്കൂൾ ടീം രണ്ടാം സ്ഥാനവും നേടി. മാങ്കുളം സെന്റ് മേരീസ് സ്കൂൾ ടീമും, രാജാക്കാട് ത്രോബോൾ ക്ലബ്ബും മൂന്നാം സ്ഥാനം പങ്കിട്ടു.

ആൺകുട്ടികളുടെ വിഭാഗത്തിൽ രാജാക്കാട് ക്രിസ്തുജ്യോതി സ്കൂളിലെ കെ.പി.അനന്ദുവിനെയും, പെൺകുട്ടികളുടെ വിഭാഗത്തിൽ തൊടുപുഴ ഡി പോൾ സ്കൂളിലെ ആവണിയെയും മികച്ച കളിക്കാരായി തിരഞ്ഞെടുത്തു.

ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ഷെറിൻ വിജയികൾക്കുള്ള ട്രോഫികൾ വിതരണം ചെയ്തു. അസോസിയേഷൻ ജില്ല സെക്രട്ടറി അരവിന്ദ് അനിൽകുമാർ, സി.ജെ.സാം, കെ.എം.ഷാഹുൽഹമീദ്, എ.സുനിൽകുമാർ എന്നിവർ പ്രസംഗിച്ചു.